**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 994** **10-06-2021 - ൽ മറുപടിയ്ക്ക്**

**ശിവപുരം വില്ലേജ് ഓഫീസ് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri. K. Rajan**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ ശിവപുരം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഓഫീസ് കെട്ടിടം പുതുക്കി പണിയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ? | (ബി) | ശിവപുരം വില്ലേജാഫീസിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. എന്നാൽ പ്രസ്തുത വില്ലേജ് ഓഫീസ് പുറമ്പോക്കിലുൾപ്പെടുന്നതിനാലും സ്ഥലപരിമിതി കാരണവും നിലവിലെ കെട്ടിട നിർമ്മാണ ചട്ടമനുസരിച്ച് ടി സ്ഥലത്ത് അനുയോജ്യമായ രീതിയിൽ നിർമ്മാണ പ്രവർത്തികൾ നടത്തുവാൻ സാധ്യമല്ലായെന്ന് കണ്ടെത്തിയതിനെ തുടർന്ന് ടി വില്ലേജ് ഓഫീസിന്റെ നിർമ്മാണം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പരിസരവാസികളിലൊരാൾ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി വിട്ടു നൽകുന്നതിന് തയ്യാറായിട്ടുള്ളതും ആയതിന്മേലുള്ള നിയമപരമായ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്ലാൻ സ്കീമിലുൾപ്പെടുത്തി ശിവപുരം വില്ലേജോഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ